തുഞ്ചത്ത് എഴുത്തച്ഛൻ
മലയാളസർവ്വകലാശാല
വാക്കാട്, മലപ്പുറം – 676 502
ഫോൺ : 0494 2631230

നം. 2177/പിഎച്ച്.ഡി./ജനറൽ/2021 തീയതി: 14.12.2021

# പിഎച്ച്.ഡി. കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാലയിലെ വിവിധ സ്കൂളുകളിൽ 2021–2022 അദ്ധ്യയന വർഷം ആരംഭിക്കുന്ന പൂർണ/ഭാഗിക സമയ പിഎച്ച്.ഡി. കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു.

| | കോഴ്സുകൾ | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1. | ഭാഷാശാസ്ത്രം | 3 |
| 2. | മലയാളം (സാഹിത്യപഠനം) | 2 |
| 3. | മലയാളം (സംസ്കാരപൈതൃകം) | 4 |
| 4. | ജേണലിസം & മാസ് കമ്മ്യൂണിക്കേഷൻസ് | 1 |
| 5. | പരിസ്ഥിതിപഠനം | 2 |
| 6. | വികസനപഠനം | 2 |
| 7. | ചരിത്രപഠനം | 1 |
| 8. | സോഷ്യോളജി | 1 |
| 9. | ചലച്ചിത്രപഠനം | 2 |
| 10. | വിവർത്തനം – താരതമ്യപഠനം | 3 |

**യോഗ്യത:**

| ക്രമ നം. | വിഷയം | അടിസ്ഥാനയോഗ്യത |
|---|---|---|
| 1 | ഭാഷാശാസ്ത്രം | എം.എ. ഭാഷാശാസ്ത്രം |
| 2 | മലയാളം (സാഹിത്യപഠനം) | എം.എ. (സാഹിത്യപഠനം, സാഹിത്യരചന, മലയാളം) |
| 3 | മലയാളം (സംസ്കാരപൈതൃകം) | എം.എ. (സംസ്കാരപൈതൃകപഠനം, മലയാളം, ആർക്കിയോളജി, ഫോക്‌ലോർ) |
| 4 | ജേണലിസം & മാസ് കമ്മ്യൂണിക്കേഷൻസ് | എം.എ. മാധ്യമപഠനം |

| | | |
|---|---|---|
| 5 | പരിസ്ഥിതിപഠനം | എം.എ. പരിസ്ഥിതിപഠനം, എം.എസ്.സി. പരിസ്ഥിതിപഠനം, പരിസ്ഥിതിശാസ്ത്രം, എം.ടെക് എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് |
| 6 | വികസനപഠനം | എം.എ. തദ്ദേശവികസനപഠനം, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, ഡവലപ്മെന്റ് സ്റ്റഡീസ്, റൂറൽ ഡവലപ്മെന്റ് |
| 7 | ചരിത്രപഠനം | എം.എ. ചരിത്രം |
| 8 | സോഷ്യോളജി | എം.എ. സോഷ്യോളജി |
| 9 | ചലച്ചിത്രപഠനം | എം.എ. (ചലച്ചിത്രപഠനം, സിനിമ) |
| 10 | വിവർത്തനം - താരതമ്യപഠനം | എം.എ. മലയാളം/താരതമ്യപഠനം |

മേൽപറഞ്ഞ വിഷയങ്ങളിൽ 55% മാർക്ക് നേടിയിരിക്കണം. ഒ.ബി.സി. (നോൺക്രീമിലെയർ)/ പട്ടികജാതി/പട്ടികവർഗ/ഭിന്നശേഷി വിഭാഗങ്ങളിലുള്ളവർക്ക് 50% മാർക്ക് മതിയാകും. മാർക്ക് കണക്കാക്കുമ്പോൾ യാതൊരുവിധ ഗ്രേസ് മാർക്കും പരിഗണിക്കുന്നതല്ല.

**പ്രവേശനപ്പരീക്ഷ:** 2022 ജനുവരി 15 ശനിയാഴ്ച രാവിലെ 10.00 മണി മുതൽ 1.00 മണി വരെ തിരൂരിലെ മലയാളസർവ്വകലാശാല ആസ്ഥാനത്ത് നടക്കുന്ന പ്രവേശനപ്പരീക്ഷയിൽ കുറഞ്ഞത് 50% മാർക്ക് നേടിയ അപേക്ഷകരെ മാത്രമേ പരിഗണിക്കുകയുള്ളൂ. ജെ.ആർ.എഫ്/എം.ഫിൽ/നെറ്റ് തത്തുല്യ യോഗ്യത നേടിയിട്ടുള്ളവർ പ്രവേശനപ്പരീക്ഷ എഴുതേണ്ടതില്ല. എന്നാൽ അവരും നിശ്ചിത രീതിയിൽ യഥാസമയം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**അപേക്ഷ:**

- ഓൺലൈനായും തപാലിലും അയക്കാവുന്നതാണ്. അപേക്ഷാ ഫീസായ 500 രൂപ സർവകലാശാലയുടെ www.malayalamuniversity.edu.in എന്ന വെബ്സൈറ്റിലെ് എസ്.ബി.ഐ e-collect ലിങ്ക് വഴി അടക്കാവുന്നതാണ്. പട്ടികജാതി/പട്ടികവർഗ/ഒ.ബി.സി. (നോൺ ക്രീമിലെയർ)/ഭിന്നശേഷി വിഭാഗങ്ങളിലെ അപേക്ഷകർക്ക് 200 രൂപയാണ് ഫീസ്. ഒരു തവണ അടച്ച തുക യാതൊരു കാരണവശാലും തിരിച്ചുനൽകുന്നതല്ല.
- അപേക്ഷാഫോറവും വിശദവിവരങ്ങളും www.malayalamuniversity.edu.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.
- ഒഴിവുള്ള പിഎച്ച്.ഡി. സീറ്റുകളിൽ 50:50 എന്ന ക്രമത്തിൽ പൂർണ/ഭാഗിക ഗവേഷകർക്ക് പ്രവേശനം നൽകുന്നതായിരിക്കും. പൂർണസമയ ഗവേഷകരിൽ ജെ.ആർ.എഫ്. നേടിയവർക്കായിരിക്കും മുൻഗണന. ബാക്കിവരുന്ന ഒഴിവുകളിൽ എം.ഫിൽ/നെറ്റ്, പ്രവേശന പരീക്ഷ എഴുതിയവർ എന്നിവരെ ഒറ്റവിഭാഗത്തിൽ ഉൾപ്പെടുത്തി പ്രവേശനം നൽകുന്നതായിരിക്കും. ഭാഗിക ഗവേഷകർക്കായി ഈ വർഷം നിശ്ചയിച്ചിട്ടുള്ള സീറ്റുകളിൽ ഏതെങ്കിലും വിഭാഗത്തിൽ വേണ്ടത്ര അപേക്ഷകരില്ലെങ്കിൽ പ്രസ്തുത സീറ്റുകൾ ജെ.ആർ.എഫ്. വിഭാഗത്തിനു നൽകുന്നതായിരിക്കും. ബാക്കിവരുന്ന ഒഴിവുകളിൽ എം.ഫിൽ/നെറ്റ്, പ്രവേശന പരീക്ഷ എഴുതിയവർ എന്നിവരെ ഒറ്റ വിഭാഗത്തിൽ ഉൾപ്പെടുത്തി പ്രവേശനം നൽകുന്നതായിരിക്കും.

- പിഎച്ച്.ഡി.യുടെ കാലാവധി ആറുമാസത്തെ കോഴ്സ് വർക്ക് ഉൾപ്പെടെ പൂർണസമയ ഗവേഷകർക്ക് പരമാവധി 5 വർഷവും ഭാഗിക ഗവേഷകർക്ക് 6 വർഷവും ആയിരിക്കും. ഭാഗിക ഗവേഷകരും 6 മാസത്തെ കോഴ്സ് വർക്ക് പൂർണസമയ ഗവേഷകർക്കൊപ്പം പൂർത്തിയാക്കേണ്ടതാണ്. പ്രബന്ധസമർപ്പണത്തിന് ഏറ്റവും കുറഞ്ഞ സമയം യഥാക്രമം 3 വർഷവും 4 വർഷവും ആയിരിക്കും.
- അർഹരായ പൂർണസമയ ഗവേഷകർക്ക് സർവകലാശാലാ ഫെല്ലോഷിപ്പ് അനുവദിക്കുന്നതാണ്.
- പൂർണസമയ ഗവേഷകർക്ക് റൂം ലഭ്യതയുടെ അടിസ്ഥാനത്തിൽ ഹോസ്റ്റൽ സൗകര്യം അനുവദിക്കുന്നതാണ്.
- **അപേക്ഷ സർവകലാശാലയിൽ ലഭിക്കേണ്ട അവസാന തീയതി: 04.01.2022**
- ഹാൾടിക്കറ്റ് ഇ-മെയിലായിട്ടായിരിക്കും അയയ്ക്കുക.
- സർവകലാശാല നിലവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പിഎച്ച്.ഡി. ചട്ടത്തിൽ ആവശ്യാനുസരണം ഭേദഗതി വരുത്തുവാൻ വൈസ് ചാൻസലർക്കുള്ള പരമാധികാരത്തെ ഉപയോഗിച്ചുകൊണ്ടും നിർവാഹകസമിതിയുടെ അനുമതിക്കു വിധേയമായിക്കൊണ്ടുമാണ് ഈ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്.
- പ്രവേശനത്തെ സംബന്ധിച്ച് ഈ വിജ്ഞാപനത്തിൽ പരാമർശിക്കാത്ത ഏതു വിഷയത്തെ സംബന്ധിച്ചും സർവകലാശാലയുടെ തീരുമാനം അന്തിമമായിരിക്കും.

രജിസ്ട്രാർ ഇൻ ചാർജ്

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
തിരൂർ
മലപ്പുറം